ഏറ്റുമാനൂർ വില്ലേജിലെ വായനശാല.

160. [14] ശ്രീ.പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ ഏറ്റുമാനൂർവില്ലേജിൽ ഒരു വായനശാല അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചത്;

(സി) അലമാര, മേശ,ബഞ്ച്, മുതലായവ ഈ വായനശാലയ്ക്കും അനുവദിച്ചു കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി 1-12-1956-ൽ ആണ് അനുവദിച്ചത്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കൊല്ലം ഡിസ്ട്രിക്റ്റിലെ മോഡൽ കോളനികൾ

161. [15] ശ്രീ. പി. സി.ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ എത്ര മോഡൽ കോളനികൾ അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം;

(ബി) ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ താമസമുണ്ട്;

(സി) കുളക്കട കോളനിയിൽ ഉള്ള ഓരോ കുടുംബത്തിനും ഉറച്ച വീടുകൾ ഉണ്ടോ;

(ഡി) ഉറച്ച വീടുകൾ ഇല്ലാത്തവരായി കുടിലുകളിൽ താമസിക്കുന്നവർ എത്ര കുടുംബങ്ങൾ ഉണ്ട്;

(ഈ) മോഡൽ കോളനിയായി അനുവദിച്ചിട്ട് കുറേ ആളുകൾ ഓടിട്ട വീട്ടിലും കുറെ ആളുകൾ ഓലക്കുടിലിലും താമസിക്കുന്നുണ്ടോ;

(എഫ്) ഈ വ്യത്യാസം മാറ്റുന്നതിന് എന്തെങ്കിലും പരിപാടി ഗവണ്മെൻറിനുണ്ടോ?

ഉത്തരം

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ മോഡൽ കോളനികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതായി അച്ചൻകോവിൽ കോളനി മാത്രമേയുള്ളൂ.

(ബി) പ്രസ്തുത കോളനിയിൽ 40 കുടുംബങ്ങൾ ഉണ്ട്.

(സി) എല്ലാ കുടുംബങ്ങൾക്കും ഉറച്ച വീടുകൾ ഇല്ല.

(ഡി) ഉറച്ച വീടുകൾ ഇല്ലാത്തവരായി 15 കുടുംബങ്ങൾ ഉണ്ട്.

(ഈ) ഉണ്ട്. പക്ഷേ കുളക്കട കോളനി മോഡൽ കോളനി അല്ല.

(എഫ്) ഓരോ വർഷത്തിലും ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നുള്ള ഭവന നിർമ്മാണപദ്ധതി അനുസരിച്ച് കോളനികളിൽ ഒരു നിശ്ചിത ശതമാനം വീടുകൾ അനുവദിക്കാൻ വ്യവസ്ഥ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly